(സി) ക്ഷേമ സംഘങ്ങളുടെ പ്രവർത്തനത്തിനായി 1985-86 വർഷത്തേക്ക് 33.97 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

അംഗനവാടി വർക്കേഴ്സിനേയും ഹെൽപ്പർമാരേയും പിരിച്ചുവിടാൻ നോട്ടീസ്

* 124. [129] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)) സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ പ്രവർത്തിക്കുന്ന ബ്ലോക്കുകളിലെ ബാലവാടികളും അതുമായി സംയോജിപ്പിച്ചതിന്റെ ഫലമായി എത്ര അംഗൻവാടി വർക്കേഴ്സിനേയും ഹെൽപ്പർമാരേയും പിരിച്ചുവിടാൻ നോട്ടീസ് നൽകിയിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനകളിൽനിന്നും ഗവൺമെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പ്രവർത്തിക്കുന്ന ബ്ലോക്കുകളിലെ ബാലവാടികളും അംഗനവാടികളുമായി സംയോജിപ്പിച്ചതിന്റെ ഫലമായി 78 അംഗൻവാടി വർക്കർമാരും 78 ഹെൽപ്പർമാരും അധികമായുണ്ട്. ഇവരിൽ അടുത്തുള്ള പ്രോജക്ടുകളിലോ പുതിയ പ്രോജക്ടുകളിലോ നിയമിക്കപ്പെടുവാൻ സാധിക്കാതെ വന്നവരേയും ഏറ്റവും കുറഞ്ഞ പ്രവർത്തന ദൈർഘ്യമുള്ളവരേയും പിരിച്ചുവിടുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. നിവേദനങ്ങൾ പരിശോധിച്ച് നടപടികൾ എടുത്തു വരുന്നു.

മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം

* 125. [130] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച മുൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർദ്ദേശങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തെ സംബന്ധിച്ച് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അയച്ചുതന്ന 15 ഇന നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധം I ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്. †

(സി) നിർദ്ദേശങ്ങളിനുമേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാരോടും ബന്ധപ്പെട്ട വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിമേൽ സംസ്ഥാന സർക്കാർ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly